**K17U 0232**

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE

**VI Semester B.A. Degree (CCSS – Supple./Improve.)**
**Examination, May 2017**
**CORE COURSE IN MALAYALAM**
**6B15 MAL : Athmakatha/Jeevacharithram/Smaranakal**
**(2009-2011 Admns.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് – 1. **(4×1=4 വെയിറ്റേജ്)**

1) ഉത്തരമെഴുതുക.

a) 'സഖാവുണ്ണി' എന്ന പേരിൽ അറിയപ്പെടുന്നതാര് ?

b) കാച്ചാംകുറിച്ചി വിഷ്ണുക്ഷേത്രം എവിടെയാണ് ?

c) പറയസ്ത്രീയെ പാണിഗ്രഹണം ചെയ്ത വിശിഷ്ട ബ്രാഹ്മണൻ ആര് ?

d) നെടുങ്ങാടി ബാങ്ക് സ്ഥാപിച്ചതാര് ?

2) താഴെ കൊടുക്കുന്ന കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

a) കാവേരിയുടെ നേര്

b) സ്ത്രീ വിദ്യാപോഷിണി

c) എച്ചിൽ

d) എന്റെ കഥ

3) 'മയിലമ്മ ഒരു ജീവിതം' എന്ന കൃതിയെ ആധാരമാക്കി പദങ്ങളുടെ അർത്ഥമെഴുതുക.

a) കടവുള്

b) മാപ്പിള

c) ശാപ്പാട്

d) തണ്ണി

P.T.O.

4) ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

a) കഥകളിയിലെ പ്രധാന പാട്ടുകാരനെ വിളിക്കുന്ന പേര് ?

(ശിങ്കിടി, പൊന്നാനി, ആദ്യവസാനക്കാരൻ, ഇതൊന്നുമല്ല)

b) ദീപക് രാഗം പാടി ദീപങ്ങളെ താനേ തെളിയിച്ചതാര് ?

(താൻസൻ, ടാർസൻ, യേശുദാസ്, ഓർഫ്യൂസ്)

c) കഥകളിക്ക് കൂടുതൽ ഇണങ്ങുന്ന ഇതിവൃത്തമായി ഹൈദ്രാലി കാണുന്നത് ?

(പുരാണേതിവൃത്തം, ചരിത്രേതിവൃത്തം, സമകാലിക വിഷയങ്ങൾ, ഇതൊന്നുമല്ല)

d) സതി സമ്പ്രദായത്തിനെതിരെ സമരം ആരംഭിച്ചത് ?

(ലാലാ ലചപത് റായി, ഗാന്ധിജി, റാം മോഹൻ റോയ്, ഇവരാരുമല്ല)

5) ചേരുംപടി ചേർക്കുക.

a) ആനന്ദകല്പദ്രുമം – ചെറുകാട്

b) ഓർമ്മക്കുറിപ്പുകൾ – സി. കേശവൻ

c) ജീവിതസമരം – അജിത

d) ജീവിതപ്പാത – ബ്രാഹ്മാനന്ദസ്വാമി ശിവയോഗി

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''സ്വന്തം വെള്ളം തട്ടിപ്പറിച്ചിട്ട് ഞങ്ങള്ക്ക് തന്നെ വേറേ വെള്ളം തര്ണ ദാനികള്'' വിവക്ഷിതമെന്ത് ? വ്യക്തമാക്കുക.

7) 'കഥകളിയെപ്പറ്റി എട്ടും പൊട്ടും തിരിയാത്ത പതിനാലാമത്തെ വയസ്സിലാണ് എനിക്ക് ഈ അനുഭവം.' എന്തായിരുന്നു അനുഭവം ?

8) ''ഇന്നും ജന്മിത്വം അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ചുമലിൽ ഇരുന്ന് ഉറക്കം തൂങ്ങുകയാണ്.'' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

9) ''അബൂ, ഞാൻ പത്തു പെരുന്നാളായി ജയിലിൽ കഴിയുന്നു. ഇനിയൊരു പെരുന്നാൾ നിങ്ങളോടൊപ്പം കഴിയണമെന്നാണ് എന്റെ ആഗ്രഹം''. ആരുടെ വാക്കുകൾ ? സന്ദർഭമേത് ? വ്യക്തമാക്കുക.

10) ''നഷ്ടവിദ്യകളെങ്കിലോ നാരിമാർ
കുട്ടികളുടെ കുട്ടിക്കാലം പാഴിൽ കെട്ടു പോകും''. വിവക്ഷിതം എഴുതുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) ''ഈ കഥ അന്നു ഞാൻ വിശ്വസിച്ചു ഇപ്പോഴും വിശ്വസിക്കുന്നു. സത്യമാണോ അസത്യമാണോ എന്നത് അപ്രസക്തമാണ്''. എം. പി. നാരായണപിള്ള പറയുന്ന കഥയെന്ത് ? ലേഖകൻ വിവക്ഷിക്കുന്നതെന്ത് ?

12) ''പോലീസിന്റെ മർദ്ദനം സഹിക്കാൻ കഴിയാതെ 'കണ്ടത് ഞാനാണ് ' എന്ന് ഒരു പുള്ളിക്ക് പറയേണ്ടിവരുന്ന സന്ദർഭത്തെ ഞാൻ ഈയവസരത്തിൽ അനുസ്മരിക്കുന്നു.'' സന്ദർഭം ഏത് ? വിശദമാക്കുക.

13) ആത്മകഥാരചനയിലെ പുതുപ്രവണതകളെക്കുറിച്ച് എഴുതുക.

14) ''ആ കഥയില് അയ്കുട്ടി ജയിച്ചു എന്നാണ് പറയിണത് '' മയിലമ്മ ഉദ്ദേശിക്കുന്ന കഥയേത് ?

15) 'ഈ സ്വഭാവം എന്നെ അത്ഭുത പരതന്ത്രനാക്കുന്നു. അന്നും ഇന്നും, ഒരു സ്വപ്നം പോലെ' ആരുടെ വാക്കുകൾ ? സംഭവം എന്ത് ?

16) ''മുഹമ്മദ് അബ്ദുറഹുമാൻ ഒരു പരാജയമായിരുന്നു. ഹൃദ്യമായ പരാജയം'' സാരസ്യം വ്യക്തമാക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×3=12 വെയിറ്റേജ്)**

17) നിസ്വവർഗ്ഗത്തിന്റെ പൊരുതൽ ജീവിതമാണ് 'മയിലമ്മ ഒരു ജീവിതം' എന്ന കൃതിയിലൂടെ വെളിവാകുന്നത് – സമർത്ഥിക്കുക.

18) ജീവചരിത്രസാഹിത്യം എന്നാലെന്ത് ? അതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

19) 'കണ്ണീരും കിനാവും' എന്ന ആത്മകഥയ്ക്ക് കേരളത്തിന്റെ സാമൂഹിക വളർച്ചയിലുള്ള സ്ഥാനം പരിശോധിക്കുക.

20) ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ ജീവിതം ചുരുക്കി എഴുതുക.